## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 788** **29/10/2019 ൽ മറുപടിക്ക്**

**<u>ആറ്റിങ്ങൽ തിരുവാറാട്ടുകാവിൽ ക്ഷേത്ര കലാപീഠം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.സത്യൻ** | **കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ തിരുവാറാട്ടുകാവിൽ പ്രവർത്തനം ആരംഭിച്ച ക്ഷേത്ര കലാപീഠത്തിൽ ഏതെല്ലാം കോഴ്സുകളാണ് പഠിപ്പിക്കുന്നതെന്ന് അറിയിക്കാമോ; ഈ കോഴ്സുകളിൽ ഓരോ ബാച്ചിലും എത്ര വിദ്യാർത്ഥികളെയാണ് പ്രവേശിപ്പിക്കുന്നതെന്നും നിലവിൽ ഓരോ ബാച്ചിലും' എത്ര വിദ്യാർത്ഥികളാണുള്ളതെന്നും വിശദമാക്കാമോ; | (എ) | പഞ്ചവാദ്യം, തകിൽ, നാദസ്വരം എന്നീ മൂന്ന് കോഴ്സുകളാണ് പഠിപ്പിക്കുന്നത്. പഞ്ചവാദ്യം വിഭാഗത്തിൽ പരമാവധി 20 വിദ്യാർത്ഥികളും തകിൽ- നാദസ്വരം വിഭാഗത്തിൽ പരാമാവധി 15 വീതം വിദ്യാർത്ഥികളേയുമാണ് പ്രവേശിപ്പിക്കുന്നത്.<br><br>നിലവിൽ പഞ്ചവാദ്യം -13, തകിൽ-15, നാദസ്വരം-6 വീതം വിദ്യാർത്ഥികളുണ്ട്. |
| (ബി) | ഈ കോഴ്സുകളിലേക്ക് നിരവധി വിദ്യാർത്ഥികൾ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന സാഹചര്യത്തിൽ കൂടുതൽ ബാച്ചുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) യും (സി) യും | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | കലാപീഠത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതു പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ